(ബി) ഒന്ന് മുതൽ പത്തുവരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത് ; ഇതിൽ ആദ്യഘട്ടത്തിൽ ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം എത്ര ;

(സി) പാഠപുസ്തക അച്ചടിയിലെ പ്രതിസന്ധി പരിഹരിച്ച് പുസ്തകങ്ങൾ യഥാസമയം വിദ്യാർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്ത സംവിധാനമാണ ുള്ളതെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) പുതിയ അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരികയാണ്. എല്ലാവർഷവും പാഠപുസ്തക അച്ചടിക്കുള്ള പേപ്പർ സംഭരണം ജനുവരി മാസത്തിൽ പൂർത്തിയാകാറുണ്ട്. എന്നാൽ പേപ്പർ സംഭരണത്തിൽ ഈ വർഷം കാലതാമസം നേരിട്ടതാണ് അച്ചടി വൈകാൻ ഇടയായ സാഹചര്യം. ഈ വർഷം 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറ്റമുള്ളതിനാൽ അച്ചടി നേരത്തെ തുടങ്ങാൻ കഴിഞ്ഞിരുന്നില്ല. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി/ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഒന്ന് മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലായി 3,73,15,500 പുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്. ഇതിൽ ആദ്യഘട്ടത്തിലേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ എണ്ണം 2,33,26,800 ആണ്.

(സി) ജൂലൈ 20 നകം അച്ചടി പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം കെ.ബി.പി.എസ്.-ന് നൽകിയിട്ടുണ്ട്. ജൂലൈ 31-നകം ഈ പുസ്തകങ്ങളുടെ വിതരണം പൂർത്തീകരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്.

അന്യസംസ്ഥാനങ്ങളിലുള്ള കേരളത്തിന്റെ ഭൂമി

26 (*116) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിലുള്ള സംസ്ഥാനത്തിന് അവകാശപ്പെട്ട ഭൂമി അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തിന് അവകാശപ്പെട്ട അത്തരം ഭൂമി ഏതൊക്കെ വകുപ്പുകളുടെ കീഴിലാണുള്ളതെന്നത് സംബന്ധിച്ച പൂർണ്ണ വിവരം ശേഖരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാന രൂപീകരണവേളയിൽ അന്യ സംസ്ഥാനങ്ങളിലും ഡൽഹിയിലുമുണ്ടായിരുന്ന സംസ്ഥാനത്തിന്റെ ഭൂമിയിൽ എത്രത്തോളം കുറവുണ്ടായിട്ടുണ്ടെന്നതു സംബന്ധിച്ച വിവരം ലഭ്യമാണോ ; എങ്കിൽ വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഉണ്ട്. പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകമായ പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുന്ന 6 ഏക്കർ 30 സെന്റ് സ്ഥലത്ത് കൊട്ടാരവളപ്പിന് വെളിയിലായി ഏകദേശം 12.5 സെന്റിന്റെ കുറവ് വന്നിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ വസ്തു കണ്ടെത്തുന്നതിനായി കേരള - തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികൾ ചേർന്ന് ജോയിന്റ് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ടി കൊട്ടാരം സഹിതിചെയ്യുന്ന സ്ഥലത്ത് 15 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിയുടെ കൈവശത്തിലാണെന്നും 1974-ലെ റീസർവ്വേ പ്രകാരം ടിയാൾ പട്ടയം സമ്പാദിച്ചതായും കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഈ സ്ഥലം സ്വകാര്യ വ്യക്തിയുടെ കൈവശമായത് എന്നാണ് എന്നതിനെ സംബന്ധിച്ച് രേഖകളൊന്നും ലഭ്യമല്ല. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള തെങ്കാശി താലൂക്കിലെ കുറ്റാലം കൊട്ടാരം സ്ഥിതിചെയ്യുന്ന 55.60 ഏക്കർ സ്ഥലത്ത് ഹിന്ദു റിലീജിയസ് ചാരിറ്റബിൾ എൻഡോവ്മെന്റ് എന്ന സംഘടന 20.5 സെന്റ് ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത 55.60 ഏക്കർ വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തിരുവിതാംകൂർ മഹാരാജാവിന്റെ പിൻഗാമിയും തമിഴ്നാട്, കേരള സർക്കാരുകളുമായും ഒരു കേസ് മദ്രാസ് ഹൈക്കോടതിയുടെ മധുര ബഞ്ചിൽ നിലവിലുണ്ട്. 1964 -ൽ ഡൽഹി കപൂർത്തല പ്ലോട്ടിൽനിന്നും 2 ഏക്കർ സ്ഥലം കേരള എഡ്യൂക്കേഷൻ സൊസൈറ്റിക്ക് വിട്ടുനൽകിയിട്ടുണ്ട്. ചെന്നൈ നുങ്കംപക്കം വില്ലേജിൽ ഗ്രീൻസ് റോഡിൽ ഉണ്ടായിരുന്ന 8 ഏക്കർ സ്ഥലത്തുനിന്നും 3.05 ഏക്കർ സ്ഥലം ആശാൻ മെമ്മോറിയലിനും 3 ഏക്കർ സ്ഥലം അപ്പോളോ ആശുപത്രിക്കും വിട്ടുനൽകിയിരുന്നു. ബാക്കിയുള്ള 1.40 ഏക്കർ സ്ഥലം 3 വശത്തുമുള്ള റോഡുകൾക്കും തമിഴ്നാട് പോലീസ് ക്വാർട്ടേഴ്സിനുമായി കയ്യേറുകയും 0.55 ഏക്കർ സ്ഥലം കെ.ടി.ഡി.സി.ക്ക് പാട്ടത്തിന് നൽകുകയും ചെയ്തു.

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഉത്തരം 'എ' യിൽ പറഞ്ഞ പ്രകാരം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly